ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

നം.4416/എ 2/13/കാ.യു.വ

കായിക യുവജനകാര്യ (എ) വകുപ്പ്
തിരുവനന്തപുരം
തീയതി. 06.12.2013

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, കായിക യുവജനകാര്യാലയം.
സെക്രട്ടറി,കേരള സംസ്ഥാന സ്പോർട്സ് കൌൺസിൽ.

സർ,

വിഷയം:- കായിക യുവജനകാര്യ (എ) വകുപ്പ് - സ്പോർട്സ് രംഗത്തെ ലൈംഗിക ചൂഷണം - കുറ്റക്കാർക്കെതിരെ നടപടികൾ ശക്തമാക്കുന്നത് - സംബന്ധിച്ച്.

വിവിധ സ്പോർട്സ് ഇനങ്ങളുടെ പരിശീലന സമയത്തും മറ്റും ധാരാളം കുട്ടികൾ ഉപദ്രവിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടുവരുന്നുണ്ട്. ഇതുപോലുള്ള വിഷയം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും മറ്റും, താങ്കളുടെ ഓഫീസിൽ പ്രവർത്തിച്ചുവരുന്ന complaints committee ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ടി കമ്മിറ്റിയുടെ പ്രവർത്തനം നിർബന്ധ മായും കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്. അതിനുവേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും നടപ്പാക്കി സർക്കാരിന് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകേണ്ടതുമാണ്.

1. ടി കമ്മിറ്റി പ്രതിമാസം യോഗം കൂടി ഉന്നയിക്കപ്പെടുന്ന പരാതികളും മറ്റും പുനരവലോകനം ചെയ്യേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്. പരിശീലകരുടെയും മറ്റും ഭാഗത്തുനിന്നും ഉപദ്രവം ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണ്.
2. ഉന്നയിക്കപ്പെടുന്നതും തെളിയിക്കപ്പെടുന്നതുമായ കേസുകളിൽ തക്കതായ നടപടിയ്ക്ക് കൃത്യമായും ശുപാർശ ചെയ്യേണ്ടതാണ്.
3. 1.12.13 മുതൽ കമ്മിറ്റിയുടെ മിനിട്സ് പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിച്ച് ഭാവിയിൽ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.
4. തെളിയിക്കപ്പെടുന്ന പരാതികൾ ക്രിമിനൽ കേസ്സിന് ശുപാർശ ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
**എം. ശിവശങ്കർ**
സെക്രട്ടറി

അംഗീകാരത്തോടെ,

(ഒപ്പ്)

മേലെഴുത്ത് നമ്പർ ജി4/44875/2013/കോ.വി.വ തീയതി: 28.12.2013

സർക്കാർ കത്തിന്റെ പകർപ്പ് എല്ലാ ഗവൺമെന്റ്/സ്വകാര്യ കോളേജ് പ്രിൻസിപ്പാൾമാരുടെയും അറിവിലേയ്ക്കും അനന്തര നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിലേയ്ക്കും അതിൻമേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കും അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്/-
ഡോ.പി.കെ.വേലായുധൻ
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 31.12.13